## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 927 04.03.2020-ൽ മറുപടിയ്ക്ക്**

### എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിനെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി പുതുതായി 6 എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കുകയുണ്ടായി. ഈ ഓഫീസുകളുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ആദിവാസി വിഭാഗങ്ങൾക്കിടയിൽ ബോധവത്ക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കും എൻഫോഴ്സ്മെന്റ് പ്രവർത്തനം കേന്ദ്രീകരിക്കുന്നതിലേക്കുമായി ഇടുക്കി ജില്ലയിലെ ദേവികുളത്തും മലപ്പുറം ജില്ലയിൽ നിലമ്പൂരും ജനമൈത്രി എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുകയും ഓരോ ഓഫീസിലേക്കും 10 തസ്തികകൾ എന്ന രീതിയിൽ ആകെ 20 തസ്തികകൾ സൃഷ്ടിച്ചു. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചു. ഒരു ജൂനിയർ സയന്റിഫിക് ഓഫീസറുടെയും ഒരു ലാബ് അസിസ്റ്റന്റിന്റെയും തസ്തിക സൃഷ്ടിച്ചു. ഇതുൾപ്പെടെ 3 മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. പട്ടിക വർഗ്ഗമേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും വനാതിർത്തികളിലും മറ്റും |

എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനുമായി പരിചയസമ്പന്നരായ 25 പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകി. വിമുക്തി മിഷൻ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനായി 14 ജില്ലാ മാനേജർ, 14 ജില്ലാ കോർഡിനേറ്റർ, 3 റിസർച്ച് ഓഫീസർ എന്നിങ്ങനെ 31 അധിക തസ്തികകൾ സൃഷ്ടിച്ചു. ഈ തസ്തികകൾ ഉൾപ്പെടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ ആകെ 300 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ എക്സൈസ് ടവർ നിർമ്മാണം പൂർത്തീകരിച്ച് മന്ദിരം ഉദ്ഘാടനം ചെയ്തു. അങ്കമാലി, ബന്തടുക്ക എന്നീ എക്സൈസ് റെയിഞ്ച് ഓഫീസുകളുടെ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു.

എക്സൈസ് വകുപ്പിൽ ഡിജിറ്റൽ വയർലസ്സ് സിസ്റ്റം പാലക്കാട്, എറണാകുളം ജില്ലകളിൽ സ്ഥാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വയർലസ് സിസ്റ്റം സ്ഥാപിക്കുന്നതിന് വർക്ക് ഓർഡർ നൽകി. എക്സൈസ് വകുപ്പിൽ സ്ട്രൈക്കിംഗ് ഫോഴ്സിനായി 14 റ്റാറ്റാ ഹെക്സാ വാഹനങ്ങളും ജില്ലാ മേധാവികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിനായി പുതിയ Mahindra Xylo ഇനത്തിൽപ്പെട്ട 14 വാഹനങ്ങളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പുതുതായി രൂപീകരിച്ച 6 എക്സൈസ് സർക്കിൾ ഓഫീസുകളിലും, നിലമ്പൂർ, ദേവികുളം ജനമൈത്രി സ്ക്വാഡുകളിലും എൻ.ഇ.എസ് അടിമാലിയിലും പുതിയ മഹീന്ദ്ര ബൊലേറോ വാഹനം വാങ്ങി വിതരണം ചെയ്തു. പഴയ വാഹനങ്ങൾ മാറ്റി ഫീൽഡ് ഓഫീസുകളിലേക്ക് 65 മഹീന്ദ്ര ടി.യു.വി വാഹനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ വാങ്ങി വിതരണം ചെയ്തു. സംസ്ഥാനത്തുള്ള 138 റെയിഞ്ച് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി 138 കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു. എക്സൈസ് വകുപ്പ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് സോഫ്റ്റ് വെയർ 8,16,445/- രൂപ ചിലവിൽ എൻ.ഐ.സി

മുഖാന്തിരം നിർമ്മിച്ചു. പൂർണ്ണമായും കേസുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്തു വരുന്നു. വനിതാ കുറ്റവാളികളെ നിരീക്ഷിക്കുന്നതിനും, കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതാ പട്രോളിംങ്ങ് സ്ക്വാഡ് രൂപീകരിച്ചു. 100 റ്റി.വി.എസ് ജൂപ്പീറ്റർ സ്കൂട്ടറുകളും, 41 ഹോണ്ട ആക്റ്റീവ 5 ജി സ്കൂട്ടറുകളും വാങ്ങി വിതരണം ചെയ്തു.

"ലഹരി മുക്ത കേരളം" സാക്ഷാൽക്കരിക്കുന്നതിന് ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ കീഴിൽ പദ്ധതിയുടെ സമഗ്രമായ ഏകോപനം സംസ്ഥാനതലം മുതൽ വാർഡ് തലം വരെ അഞ്ച് തലങ്ങളിലായി നടപ്പിലാക്കി.

| | | | |
|---|---|---|---|
| (ബി) | ഇക്കാലയളവിൽ സംസ്ഥാനത്ത് വ്യാജവാറ്റ് സംബന്ധിച്ച കേസുകൾ മുൻ സർക്കാരിന്റെ കാലത്തെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2016 മുതൽ 2019 വരെയുള്ള 4 വർഷങ്ങളിൽ 9238 കേസുകൾ എടുക്കുകയും 16677 ലിറ്റർ ചാരായവും, 832248 ലിറ്റർ വാഷും കണ്ടെടുക്കുകയുമുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 573 ചാരായം/വാഷ് കേസുകൾ അധികമായി കണ്ടെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ